ഇടപെടൽമൂലം വില ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകളിലും, പീപ്പിൾസ് ബസാറുകൾ, ഹൈപ്പർ മാർക്കറ്റ് എന്നിവിടങ്ങളിലും പൊതുവിപണിയേക്കാൾ കുറഞ്ഞ വിലയിൽ പച്ചക്കറി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ക്രിസ്മസ് പ്രമാണിച്ച് ആരംഭിച്ചിട്ടുള്ള പ്രത്യേക ചന്തകളിലും ഇവ ലഭ്യമാണ്. ഇതിനു പുറമേ മറ്റു വകുപ്പുകളുമായി ചേർന്ന് തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുള്ള മാർക്കറ്റ് അറ്റ് ഡോർസ്റ്റെപ്സ് എന്ന സഞ്ചരിക്കുന്ന വിൽപ്പനശാലകളിലും പച്ചക്കറി മിതമായ വിലയ്ക്ക് ലഭ്യമാണ്.

മണ്ണെണ്ണ വിതരണത്തിലെ കുറവ്

75 (1639) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടകളിൽ നിന്ന് വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ തോത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ചില മാസങ്ങളിൽ പ്രഖ്യാപിച്ച മണ്ണെണ്ണയുടെ അളവിലും കുറഞ്ഞ അളവിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റേഷൻ കടകളിൽ നിന്ന് പ്രതിമാസം വിതരണം ചെയ്യാൻ നിശ്ചയിച്ചിട്ടുള്ള മണ്ണെണ്ണയുടെ തോത് താഴെപ്പറയുന്നു.

'ഇ' കാർഡുകൾ - 2 ലിറ്റർ

'എൻ ഇ' കാർഡുകൾ - 5 ലിറ്റർ

കുക്കിംഗ് പെർമിറ്റുകൾ - 6 ലിറ്റർ

(ബി) 2010 മാർച്ച് മാസം വരെ പ്രതിമാസം 23160 കി.ലിറ്റർ മണ്ണെണ്ണയാണ് കേന്ദ്രസർക്കാർ അനുവദിച്ചു വന്നിരുന്നത്. ആയത് 18756 കി.ലിറ്ററായി വെട്ടിക്കുറച്ചതിന്റെ ഫലമായി ലഭ്യമായ അലോട്ട്മെന്റിൽനിന്നും 2532 കി.ലിറ്റർ ഹിഷിംഗ് പെർമിറ്റിന് അനുവദിച്ചശേഷം ബാക്കിയുള്ള മണ്ണെണ്ണയാണ് വിതരണത്തിന് ലഭ്യമായിട്ടുള്ളത്. റേഷൻ കാർഡുകളുടെ എണ്ണത്തിന് അനുസരിച്ച് മണ്ണെണ്ണയുടെ അലോട്ട്മെന്റ് കേന്ദ്രസർക്കാരിൽ നിന്നും വർദ്ധിപ്പിച്ച് ലഭിക്കുന്നില്ലായെന്നതിനാലാണ് നിശ്ചിത തോതിൽ മണ്ണെണ്ണ വിതരണം ചെയ്യാൻ കഴിയാതെ വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly